**THE SYRO-MALANKARA CATHOLIC CHURCH**

# MAJOR ARCHDIOCESE OF TRIVANDRUM

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL-TVM 1/2019

1 January 2019

## സർക്കുലർ

## പുണ്യശ്ലോകനായ സിറിൽ ബസേലിയോസ് ബാവാ തിരുമേനിയുടെ 12-ാം ഓർമ്മപ്പെരുന്നാൾ

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മൂന്നാമത്തെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പും പ്രഥമ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവായുമായിരുന്ന പുണ്യശ്ലോകനായ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനി സ്വർഗസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് 2019 ജനുവരി 18-ന് 12 വർഷം തികയുകയാണ്.

പുണ്യശ്ലോകനായ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ തിരുമേനിയുടെ 12-ാം ഓർമ്മപ്പെരുന്നാൾ 2019 ജനുവരി 17, 18 ദിവസങ്ങളിൽ തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ആചരിക്കുകയാണ്. **2019 ജനുവരി 17 വ്യാഴാഴ്ച വൈകുന്നേരം 6.00-ന്** സന്ധ്യാ നമസ്കാരവും കബറിങ്കൽ ധൂപപ്രാർത്ഥനയും നടക്കും. **2019 ജനുവരി 18 വെള്ളിയാഴ്ച രാവിലെ 6.30-ന് വി. കുർബാനയും** തുടർന്ന് ധൂപപ്രാർത്ഥനയും നേർച്ചവിളമ്പും നടക്കും. ഈ ശുശ്രൂഷകളിൽ വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുകയും പുണ്യശ്ലോകനായ സിറിൽ ബസേലിയോസ് ബാവാ തിരുമേനിയോടുള്ള കടപ്പാടും ബന്ധവും പ്രകടമാക്കുകയും ചെയ്യാം.

2019 ജനുവരി 20 ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും മിഷനുകളിലും വന്ദ്യ പിതാവിനുവേണ്ടി ധൂപപ്രാർത്ഥന നടത്തുകയും ചെയ്യേണ്ടതാണ്.

സ്നേഹാശീർവ്വാദങ്ങളോടെ,

+Baselios cleemis

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*